ഉത്തരം

(എ) കഴിഞ്ഞകൊല്ലം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായ മണ്ണെണ്ണ അപകടംമൂലം മൊത്തം 230 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

(ബി) ആകെ 24 പേർ ഈ ദുരന്തംമൂലം മരണമടഞ്ഞിട്ടുണ്ട്.

(സി) മണ്ണെണ്ണ ദുരന്തംമൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് 25,000 രൂപവീതം സാമ്പത്തികസഹായം നൽകിയിട്ടുണ്ട്.

(ഡി) മണ്ണെണ്ണ ദുരന്തംമൂലം പരിക്കുപറ്റിയവർക്ക് അപകടത്തിന്റെ സ്വഭാവം അനുസരിച്ച് 5000 രൂപ മുതൽ 10,000 രൂപവരെ സാമ്പത്തികസഹായം നൽകിയിട്ടുണ്ട്.

(ഇ) മണ്ണെണ്ണ അപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്കും പരിക്ക് പറ്റിയവർക്കും സഹായം നൽകുന്നതിനുവേണ്ടി എച്ച്.പി.സി. 17 ലക്ഷം രൂപ സംസ്ഥാനസർക്കാരിന് നൽകിയിട്ടുണ്ട്.

(എഫ്) ഇതേവരെ ഇക്കാര്യത്തിനായി സർക്കാരിനെ പ്രതിയാക്കി കേസ് ഫയൽ ചെയ്തിട്ടുള്ളതായി അറിവില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

റേഷൻ റീട്ടെയിൽ ഷോപ്പുകൾ

179 [195] ശ്രീ. പി. സീതിഹാജി:

ശ്രീ. പി. വി. മുഹമ്മദ്:

ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടി:

ശ്രീ. നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കേഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര റേഷൻ റീട്ടെയിൽ ഷോപ്പുകൾ (എ. ആർ. ഡി.) നിലവിലുണ്ട്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര പുതിയ റീട്ടെയിൽ റേഷൻഷോപ്പുകൾ അനുവദിച്ചു;

(സി) ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ഡി) പുതിയ റേഷൻ റീട്ടെയിൽ ഷോപ്പുകളനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര റേഷൻ ഷോപ്പുകളുടെ ലൈസൻസ് റദ്ദാക്കി; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) 12646 എണ്ണം.

(ബി) 952

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർത്തിരിക്കുന്നു.

തിരുവനന്തപുരം	60
കൊല്ലം	213
പത്തനംതിട്ട	28
ആലപ്പുഴ	50
കോട്ടയം	27
ഇടുക്കി	95
എറണാകുളം	105
തൃശ്ശൂർ	88
പാലക്കാട്	52
മലപ്പുറം	90
കോഴിക്കോട്	30
വയനാട്	29
കണ്ണൂർ	42
കാസർകോഡ്	43
ആകെ	952

(ഡി) കാർഡുടമകൾക്ക് റേഷൻ വാങ്ങുന്നതിനുള്ള ദൂരവും ബുദ്ധിമുട്ടുകളും പരിഗണിച്ച് അവരുടെ സൗകര്യാർത്ഥമാണ് പുതിയ റേഷൻ കടകൾ അനുവദിക്കുന്നത്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

റേഷനരി മൊത്തവിതരണം

180 [196] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കേഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 31-5-1986 വരെ അരിയുടെ മൊത്തവിതരണം എത്ര പ്രൈവറ് ഏജൻസികളെ ഏൽപ്പിച്ചു; എവിടെയെല്ലാം;

(ബി) ഇനി എവിടെയെല്ലാം പ്രൈവറ് ഏജൻസികളെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) 31-5-1986 വരെ അരിവിതരണത്തിന് ചുമതലപ്പെടുത്തിയ പ്രൈവറ് ഏജൻസികളുടെ പേരുകളും വിലാസവും നൽകുമോ;

(ഡി) അരിവിതരണം സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുവാനുണ്ടായ കാരണങ്ങളും എന്തെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly